**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 21802/AD A1/1/എ ഡി എ 1/AD A 1 തീയതി: 27.10.2020

**<u>സർക്കുലർ</u>**

വിഷയം:- ഭരണകാര്യം - ഓഫീസ് പ്രവർത്തനം - ജീവനക്കാരുടെ ഹാജർ പുസ്തകങ്ങളുടെ പരിശോധന - തുടർ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1.23.10.2020 തീയതിയിലെ രജിസ്ട്രാറുടെ കുറിപ്പ് നമ്പർ രജി./01/135/2020
[വൈസ് ചാൻസിലറുടെ ഉത്തരവ് സഹിതം]
2.സർക്കുലർ നമ്പർ 21802/ADA1/1/എഡിഎ1/ADA1 തീയതി 20.10.2020

------

സർവ്വകലാശാലയിലെ വിവിധ ബ്രാഞ്ചുകളിലേയും പഠനവകുപ്പുകളിലേയും ജീവനക്കാരുടെ ഹാജർ പുസ്തകങ്ങളുടെ പരിശോധന സംബന്ധിച്ച് സൂചന(2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം ഉണ്ടാവുന്ന ചില ഭരണപരമായ അസൗകര്യങ്ങൾ പരിഗണിച്ച്, ഇതിന് തുടർച്ചയായി താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ കൂടി നടപ്പിലാക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1.ഉച്ചകഴിഞ്ഞ് 3.30-ന് ഹാജർ പുസ്തകങ്ങൾ അതത് ബ്രാഞ്ച് ഓഫീസർമാർക്ക്/വകുപ്പ് മേധാവികൾക്ക് രജിസ്ട്രാറുടെ ഓഫീസിൽ നിന്നും തിരികെ നൽകുന്നതാണ്.ജീവനക്കാരുടെ EP ആയതിനുള്ള രജിസ്റ്ററിൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ രേഖപ്പെടുത്തുകയും,നേരത്തെ പോകുന്ന ഉദ്യോഗസ്ഥൻ ബ്രാഞ്ച് ഓഫീസറുടെ/വകുപ്പ് മേധാവിയുടെ ഓഫീസിൽ നേരിട്ടെത്തി ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2.വൈകുന്നേരം ഒപ്പ് രേഖപ്പെടുത്തുന്നതിനായി,ഹാജർ പുസ്തകങ്ങൾ ബ്രാഞ്ച് ഓഫീസിൽ നിന്നും/വകുപ്പ് മേധാവിയുടെ ഓഫീസിൽ നിന്നും നിശ്ചിത സമയത്ത് വിതരണം ചെയ്യേണ്ടതും,ഒപ്പ് രേഖപ്പെടുത്തിയ ശേഷം തിരികെ ബ്രാഞ്ച് ഓഫീസിൽ/വകുപ്പ് മേധാവിയുടെ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.തിരികെ ലഭിക്കുന്ന ഹാജർ പുസ്തകങ്ങളിലെ ഹാജർ നില ബ്രാഞ്ച് ഓഫീസിൽ/വകുപ്പ് മേധാവിയുടെ ഓഫീസിൽ പരിശോധിക്കേണ്ടതും,ഒപ്പ് രേഖപ്പെടുത്താത്ത/ലീവ് അടയാളപ്പെടുത്താത്ത കോളങ്ങളിൽ 'Absent' രേഖപ്പെടുത്തേണ്ടതുമാണ്.

സൂചന (2) സർക്കുലറിലെ നിർദ്ദേശങ്ങൾ,മേൽ പരാമർശിച്ച ഭേദഗതികളോടെ,കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ.
4.ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6.നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #9 of File 21802/AD A1/1/2019/AD A 1 Approved by Registrar on 27-Oct-2020 04:31 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം